മിസ്റ്റർ കെ. കെ. വിശ്വനാഥൻ: പച്ചരി സഹകരണ സംഘങ്ങൾക്ക് മാത്രം കൊടുക്കുകയും, സ്വകാര്യ കച്ചവടക്കാർക്ക് പുഴുക്കലരി കൊടുക്കുകയും ചെയ്യുന്നതായിട്ട് ബഹുമാനപ്പെട്ട ഗവൺമെണ്ടിന്നറിയാമൊ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഇല്ല.

മിസ്റ്റർ സി. യു. നാരായണൻ: ആഴ്ചയിൽ മൂന്നദിവസം പച്ചരികൊടുക്കുകയാണെങ്കിൽ രണ്ടു ദിവസമെങ്കിലും പുഴുക്കലരി കൊടുക്കരുതെ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതിന്നു മറുപടിയായിട്ടാണ് ഞാൻ പറഞ്ഞതു് കൊടുങ്ങല്ലൂരിലേക്ക് allot ചെയ്തിട്ടുള്ള boiled rice കൺട്രാക്ടർ കൊണ്ടുപോകാൻ താമസം നേരിട്ടതിനാലാണ് പച്ചരി അടുപ്പിച്ചു് കൊടുത്തുവരുവാൻ കാരണം. അതിനു് കൺട്രാക്ടരുടെ പേരിൽ നടപടിയെടുത്തിട്ടുണ്ടു്. ഇന്നു് പുഴുക്കലരി കിട്ടുന്നതു് കുറഞ്ഞുപോയിട്ടുണ്ടെങ്കിൽ, നാളെ തീർച്ചയായിട്ടും വീതപ്രകാരമുള്ള പുഴുക്കലരി കിട്ടുന്നതാണു്.

SPECIAL MAGISTRATE'S COURT—EXPENSES INCURRED

52. (318) **Mr. K. W. Muralidhara Marar** *(Trippunithura)*: Will Government be pleased to state.—

(*a*) expenses incurred by the Government in the establishment of Special Magistrate's Court, Ram Mohan Palace, in 1123;

(*b*) number of cases tried in that Court?

Mr. P. Govinda Menon *(Minister for Finance and Law)*:

(*a*) Rs. 4,873—2—8.

(*b*) Three cases.

മിസ്റ്റർ കെ. ഡബ്ലിയു. മുരളീധരമാരാർ: ഈ മൂന്നു കേസ്സുകളും ഏതെല്ലാമാണെന്നു് പറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: രാജ്യദ്രൈതാനസംഭവങ്ങളെ തുടർന്നുണ്ടായ ഒരു കേസ്സും, അതിനോടു് സംബന്ധിച്ചിട്ടുള്ള വേറെ രണ്ടു കേസ്സുകളുമാണു്.

മിസ്റ്റർ കെ. കെ. വിശ്വനാഥൻ: ഇതു് ordinary കേസ്സുകളെപ്പോലെ deal ചെയ്യാതിരിക്കാൻതക്കവിധം ആ കോടതിക്കു് വല്ല കൂടുതൽ അധികാരവുമുണ്ടായിരുന്നുവൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നമ്മുടെ സാധാരണ കോടതികൾക്കുള്ള അധികാരംതന്നെ ആ കോടതിക്കും ഉണ്ടായിരുന്നു.

മിസ്റ്റർ കെ. കെ. വിശ്വനാഥൻ: എന്നാൽ പിന്നെ പ്രത്യേകമായി ഒരു കോർട്ട് വേണമെന്നുണ്ടായിരുന്നുവൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പ്രത്യേകം ഒരു കോടതി വേണമെന്നു് ഗവൺമെണ്ടു് തീരുമാനിച്ചു എന്നല്ലാതെ പ്രത്യേകമായിട്ടൊന്നുമുണ്ടായിട്ടല്ല. വളരെ വേഗത്തിൽ ഒരു തീരുമാനമെടുക്കാൻവേണ്ടി ഒരു പ്രത്യേക കോടതിവെച്ചു എന്നേയുള്ളു.

NON-EVICTION OF KUDIKIDAPPUKARS—LEGISLATION FOR

൩൫. (൨൦൩) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

പറമ്പുടമസ്ഥന്മാർ കുടികിടപ്പുകാരായ സാധുക്കളെ ഒഴിപ്പിക്കാതിരിക്കുന്നതിന്നുള്ള ഒരു നിയമനിർമ്മാണം ഉടനെ വേണമെന്നു ഗവൺമെണ്ടു് ഉദ്ദേശിക്കുന്നുണ്ടൊ?

മിസ്റ്റർ കെ. അയ്യപ്പൻ: ഈ സംഗതി ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണു്. കുടികിടപ്പുകരെ ഒഴിപ്പിക്കുന്നതിനുള്ള കേസ്സുകൾ നിറുത്തിവെക്കുന്നതിനുള്ള ഒരു വിളംബരം ഇപ്പോൾ നിലവിലുണ്ടു്.

മിസ്റ്റർ കെ. കെ. കണ്ണൻ: ഈ വിളംബരമുണ്ടായതിനുശേഷം നിയമവിരുദ്ധമായിട്ടു് കുടിയിറക്കീട്ടുള്ളതായ ഏതെങ്കിലും സംഭവം ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടൊ?

മിസ്റ്റർ കെ. അയ്യപ്പൻ: സംഭവങ്ങളുണ്ടായിരിക്കാം. എന്നാൽ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടൊ എന്നു് പറയാൻ ഇപ്പോൾ നിവൃത്തിയില്ല.

മിസ്റ്റർ സി. സി. പ്രസാദ്: അതു് ഒന്നന്വേഷിക്കുവാൻ മയവുണ്ടാകുമൊ?

LIBRARY ARCHIVES Kerala Legislative Assembly